**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1537** **16-10-2026-ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസമേഖലയിലെ വിദൂരവിദ്യാഭ്യാസ സംവിധാനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കുറുക്കോളി മൊയ്തീൻ ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ഏതെല്ലാം സർവകലാശാലകളിൽ നിലവിൽ വിദൂര വിദ്യാഭ്യാസ സംവിധാനം നടപ്പിലാക്കുന്നുണ്ടെന്ന് അറിയിക്കാമോ;

**മറുപടി:** ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ട് 2021-ലെ വകുപ്പ് 47(2) പ്രകാരം കേരള, കാലിക്കറ്റ്, മഹാത്മാഗാന്ധി, കണ്ണൂർ സർവകലാശാലകളുടെ അധികാരപരിധിയിൽ ഉണ്ടായിരുന്ന വിദൂര വിദ്യാഭ്യാസം, തുടർ വിദ്യാഭ്യാസം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ പ്രസ്തുത സർവകലാശാലകളിൽ നിന്ന് വേർപെടുത്തി ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ മാത്രമായി നിക്ഷിപ്തമാക്കിയിട്ടുണ്ട്.

**(ബി)** വിദൂര വിദ്യാഭ്യാസ സംവിധാനത്തിന് വേണ്ടി മാത്രം സംസ്ഥാനത്ത് സർവ്വകലാശാല സ്ഥാപിച്ചത് കൊണ്ട് മറ്റു സർവ്വകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസ സംവിധാനം ഏർപ്പെടുത്തുന്നതിനു നിയമപരമായ തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടോയെന്ന് വിശദമാക്കുമോ;

**മറുപടി:** ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ട്, 2021-ലെ വകുപ്പ് 72(1) പ്രകാരം, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ഒഴികെയുള്ള സംസ്ഥാന നിയമപ്രകാരം സ്ഥാപിതമായ മറ്റ് സർവകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസം അല്ലെങ്കിൽ പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേന പഠനപ്രോഗ്രാമുകളിലേക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

**(സി)** വിദൂര വിദ്യാഭ്യാസ സംവിധാനത്തിൽ കോഴ്സുകൾ നടത്തുന്നതിന് കേരളത്തിലെ താൽപര്യപ്പെടുന്ന റെഗുലർ സർവകലാശാലകൾക്ക് അനുമതി നൽകുമോയെന്ന് അറിയിക്കാമോ?

**മറുപടി:** നിലവിൽ പരിഗണനയിലില്ല

**സെക്ഷൻ ഓഫീസർ**